➪ ഇന്ത്യയിൽ നടന്ന പോരാട്ടങ്ങളൊന്നും തന്നെ സ്വാതന്ത്ര്യത്തിനു വേണ്ടി മാത്രമായിരുന്നില്ല ➪

# ദിശ രവിയാണ് രാഷ്ട്രത്തിന്റെ നായിക

കർഷകരുടെ അന്തസ്സുയർത്തിപിടിക്കുന്നതിനായി കയ്യിലൊരു പേനയുമായി യുദ്ധം ചെയ്യുന്ന രാജ്യത്തിന്റെ യഥാർത്ഥ നായികയാണ് ദിശ രവി. അവൾ കങ്കണയെപോലെ അഭിനയിക്കുകയല്ല, തെരുവുകളിലും കോടതികളിലും പോരാടുകയാണ്. ആ പോരാട്ടമാണ് രാജ്യത്തിന് ജീവൻ നൽകുന്നത്.

**കാഞ്ചാ ഐലയ്യ**

**രാജ്യത്തിന്** ഭാവി നേതാക്കളെ നൽകുന്ന കാര്യത്തിൽ നാം പ്രധാനമന്ത്രിയോടും അമിത് ഷായോടും ആർ.എസ്.എസ്-ബി.ജെ.പിയോടും നന്ദിപറയണം. തീർച്ചയായും ദിശ രവി ഇന്ത്യയുടെ ഭാവിയും പ്രതീക്ഷയുമാണ്. രാജ്യം കടുത്ത പ്രതിസന്ധി നേരിടുന്ന ഘട്ടങ്ങളിലാണല്ലോ നേതാക്കൾ ഉയർന്നുവരുന്നത്. പ്രത്യേകിച്ചും മനുഷ്യാന്തസ്സിനും തുല്യതക്കും സ്വാതന്ത്ര്യത്തിനും വേണ്ടി പൊരുതുന്ന യുവ നേതൃത്വങ്ങളുണ്ടാകുന്നത്. ജെ.എൻ.യുവിലെ കനയ്യകുമാർ ഉൾപ്പെടെയുള്ള യുവനേതാക്കൾ രൂപംകൊടുത്ത 'ആസാദി' എന്ന മുദ്രാവാക്യം പോലും പ്രസക്തമാകുന്നത് ഈ സാഹചര്യത്തിലാണ്.

ആദിവാസികളുടെയും ദളിതരുടെയും കർഷകരുടെയും നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന പോരാട്ടങ്ങളൊന്നും തന്നെ സ്വാതന്ത്ര്യത്തിനു വേണ്ടി മാത്രമായിരുന്നില്ല. തുല്യതക്കും അന്തസ്സിനും കൂടി വേണ്ടിയായിരുന്നു. സ്വാതന്ത്ര്യം എന്നത് ഡോ. അംബേദ്കർ രൂപകൽപ്പന ചെയ്ത ഇന്ത്യൻ ഭരണഘടനയിൽ ഉറപ്പാക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ, സാർവ്വത്രികമായ അന്തസ്സും തുല്യതയും ഇന്ത്യയിലിപ്പോഴും ഉറപ്പാക്കപ്പെടുന്നില്ല. ആധുനിക ഇന്ത്യയിൽ ആർ.എസ്.എസ്സോ അവർ മുന്നോട്ടുവെക്കുന്ന പ്രത്യയശാസ്ത്രമോ വർണ്ണ-ധർമ്മ ആശയത്തെയോ അസമത്വത്തെയോ എതിർക്കുന്നില്ല എന്നതാണ് സത്യം. ഇന്ത്യയിലെ ഭൂരിഭാഗം വരുന്ന കർഷകരും ശൂദ്രരും തുല്യതയില്ലാത്തവരും അന്തസ്സുക്കെട്ടവരുമായാണ് വർണ്ണാശ്രമ സംവിധാനം പരിഗണിക്കുന്നത്. ഇപ്പോഴും ആർ.എസ്.എസ് പിന്തുടരുന്ന ഈ നിയമസംഹിത ശൂദ്രരെയും, ആദിവാസികളെയും, ദളിതരെയും എത്രമാത്രം ബാധിക്കുന്നുവെന്നോ?

ആർട്ടിക്കിൾ 370, പൗരത്വബില്ല് എന്നിവ അസാധുവാക്കുന്നതിൽ മൗനം പാലിച്ചവരാണ് ഇപ്പോൾ ബാനിയ-കുത്തക മുതലാളിമാർക്ക് കാർഷികവ്യാപാരത്തിനുള്ള സർവ്വാധിപത്യവും നൽകിക്കൊണ്ടുള്ള തീർത്തും കർഷകവിരുദ്ധമായ കാർഷിക നിയമം നടപ്പിലാക്കാൻ തിടുക്കപ്പെടുന്നത്. ശൂദ്ര കർഷകരുടെ നിയന്ത്രണത്തിലാണ് കാർഷിക വ്യാപാരമെന്നതുകൊണ്ടുതന്നെ നിരവധി പ്രാദേശിക പാർട്ടികൾ രൂപം കൊള്ളുകയും ഇത് ബി.ജെ.പിയെ പ്രതികൂലിക്കുകയും ചെയ്യുന്നു. ഇത്തരം ശൂദ്ര നേതൃത്വങ്ങളെയും അവരുടെ പാർട്ടികളെയും അടിച്ചൊതുക്കുന്നതിനുകൂടി വേണ്ടിയാണ് കാർഷികനിയമം കൊണ്ടുവരുന്നത്. ഭാഗ്യവശാൽ, കർഷകർക്ക് ഇത് മന

⇨ രണ്ടു വാചകങ്ങൾ എഡിറ്റുചെയ്ത് പോസ്റ്റ് ചെയ്തതിനാണ് അവളെ രാജ്യദ്രോഹകുറ്റം ചുമത്തി അറസ്റ്റ് ചെയ്തത് ⇨




സ്സിലാകുന്നുണ്ട്.

കർഷക സമരത്തെ പിന്തുണച്ചു എന്ന കാരണത്താൽ ദിശരവി എന്ന 22 വയസ്സുക്കാരിയെ അറസ്റ്റു ചെയ്തപ്പോൾ അവൾ ഗ്രേറ്റാ തുംബർഗിനെപ്പോലെയോ മലാല യൂസഫ്സായെപ്പോലെയോ ആഗോളശ്രദ്ധ നേടുന്ന ഒരു യുവനേതൃത്വമായി മാറും എന്നാണ് ഞാൻ കരുതിയത്. അന്നം ഉത്പ്പാദിപ്പിക്കുന്നവരുടെ പോരാട്ടത്തിന് ആഗോള ശ്രദ്ധ നേടിക്കൊടുക്കാനുള്ള അവളുടെ ശേഷി ഭരണാധികാരികളെ ഉലച്ചിരിക്കുന്നു. കർഷക കുടുംബങ്ങളിൽ നിന്നും കർഷകസമൂഹത്തിന് യാതൊരു ബഹുമാനവും നൽകാത്ത കുത്തകകൾക്ക് തൊഴിൽ ശക്തി കൈമാറാനാണ് നിലവിലെ ഭരണകക്ഷികൾ തീരുമാനിച്ചിരിക്കുന്നത്. അതാണ് ലോകത്തെയാകെമാനം അത്ഭുതപ്പെടുത്തുന്നതും ആശങ്കയിലാഴ്ത്തുന്നതും. നല്ല കൃഷിയില്ലെങ്കിൽ നല്ല ഹരിതാഭയുണ്ടാകില്ല എന്നും നല്ല ഹരിതാഭയില്ലെങ്കിൽ നല്ല പരിസ്ഥിതിയുണ്ടാകില്ല എന്നുമാണ് ഗ്രേറ്റക്കു സമാനമായ ദിശാ രവിയുടെ പരിസ്ഥിതി സംരക്ഷണത്തിനായുള്ള പോരാട്ടം നമ്മെ ബോധ്യപ്പെടുത്തുന്നത്.

ലിംഗായത് ശൂദ്ര കർഷക കുടുംബത്തിൽ നിന്നാണ് ഈ യുവ ആക്ടിവിസ്റ്റ് വരുന്നത്. ബാംഗ്ളൂരിൽ തന്റെ അമ്മയ്ക്കൊപ്പമാണ് അവൾ താമസിക്കുന്നത്. അവളുടെ മുതുമുത്തശ്ശനമാരെല്ലാം കർണാടകയിലെ തുംകൂർ ജില്ലയിലെ കർഷകരാണ്. ഇന്റർനെറ്റ് ടൂൾക്കിറ്റിൽ രണ്ടു വാചകങ്ങൾ എഡിറ്റുചെയ്ത് പോസ്റ്റ് ചെയ്തതിനാണ് അവളെ രാജ്യദ്രോഹകുറ്റം ചുമത്തി അറസ്റ്റ് ചെയ്തത്. കർഷകരെ തീവ്രവാദികളെന്നു വിളിച്ചധിക്ഷേപിച്ച ക്ഷത്രിയ നടിയായ കങ്കണ റണാവത്തിന് സുരക്ഷ നൽകുന്നതും ദിശ രവിയെ അറസ്റ്റ് ചെയ്ത അതേ സർക്കാർ തന്നെയാണ്. തെലുങ്കിൽ വളരെ നല്ലൊരു പഴഞ്ചൊല്ലുണ്ട്: ശരീരത്തിൽ പടച്ചട്ടയും കൈകളിൽ വാളും പരിചയുമുള്ളപ്പോൾ യുദ്ധം ചെയ്യാൻ യാതൊരു ബുദ്ധിമുട്ടുമില്ല. എല്ലാവിധ യുദ്ധോപകരണങ്ങളുമായി സ്ക്രീനിൽ പോരാടുന്ന വ്യക്തിയാണ് കങ്കണ. എന്നാൽ യഥാർത്ഥ ജീവിതത്തിൽ പോരാടുന്ന കാർഷികോത്പ്പാദകർക്കെതിരെ കേന്ദ്രസർക്കാരിന്റെ പിന്തുണയോടെ യുദ്ധംചെയ്യുകയാണ് കങ്കണ.

കർഷകരുടെ അന്തസ്സുയർത്തിപിടിക്കുന്നതിനായി കയ്യിലൊരു പേനയുമായി യുദ്ധം ചെയ്യുന്ന രാജ്യത്തിന്റെ യഥാർത്ഥ നായികയാണ് ദിശ രവി. അവൾ കങ്കണയെപോലെ അഭിനയിക്കുകയല്ല, തെരുവുകളിലും കോടതികളിലും പോരാടുകയാണ്. ആ പോരാട്ടമാണ് രാജ്യത്തിന് ജീവൻ നൽകുന്നത്.

ആഗോള യുവ വനിതാ പരിസ്ഥിതി പ്രവർത്തകരിലൊരാളാണ് ദിശ. ലോക പരിസ്ഥിതി തന്നെ കൃഷിയുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണ്. ഡൊണാൾഡ്

ട്രംപ് ഗ്രേറ്റാ തുംബർഗിനെ ഇഷ്ടപ്പെടാതിരിക്കുന്നതുപോലെയാണ് മോദിയും മോഹൻ ഭഗവദും ദിശ രവിയെ ഇഷ്ടപ്പെടാതിരിക്കുന്നത്. പക്ഷെ, മുഴുവൻ കർഷക ലോകവും അവളെ ഹൃദയത്തിലേറ്റിയിരിക്കുന്നു. അവളീ ഭൂമിയുടെ പ്രിയപ്പെട്ട മകളാണ്.

ബാംഗ്ളൂരിൽ നിന്നുള്ള അവളുടെ കോളേജ് സഹപ്രവർത്തകർ അവളെക്കുറിച്ച് എന്താണ് പറയുന്നത്? ഫ്രൈഡേയ്സ് ഫോർ ഫ്യൂച്ചർ എന്ന ശൃംഖലയിലൂടെ അവർ ഒരു പരിസ്ഥിതി ക്യാമ്പയിൻ സംഘടിപ്പിക്കുകയായിരുന്നു. ചരിത്രത്തെക്കുറിച്ചുള്ള അവളുടെ അറിവ് ഏറെ ശ്രദ്ധേയമായിരുന്നു. അത് വ്യക്തിപരമായിരുന്നില്ല. കൃഷിയെ കാലാവസ്ഥാവ്യതിയാനം എങ്ങിനെ ബാധിക്കുന്നുവെന്ന് അവളുടെ മുതുമുത്തശ്ശന്മാരുടെ കാലം മുതലേ അവൾക്കറിവുള്ളതാണ്. അതുകൊണ്ടാണവൾ കർഷകരുടെ സമരത്തിനൊപ്പം നിന്നതും അവർക്കുവേണ്ടി ശബ്ദമുയർത്തിയതും.

ദില്ലി കോടതിയിൽ അവൾ പറഞ്ഞത് ഈ രാജ്യത്തിന്റെ മാത്രമല്ല ലോകത്തെമ്പാടുമുള്ള ദശലക്ഷക്കണക്കിന് യുവജനങ്ങളുടെ ഹൃദയത്തിൽ ഒരു വിളക്ക് കത്തിച്ചിട്ടുണ്ടെന്നും ആഗോളതലത്തിൽ കർഷകരുടെ പ്രതിഷേധം ഉയർത്തിക്കാട്ടുന്നത് രാജ്യദ്രോഹക്കുറ്റമാണെങ്കിൽ ഞാൻ ജയിലിൽക്കിടക്കുന്നതാണ് നല്ലതെന്നുമാണ്. ജയിലിലും കൊളോണിയൽ കോടതിയിലും ഇരുപത്തിമൂന്നുകാരനായ ഭഗത് സിംഗ് പറഞ്ഞ വാക്കുകളാണ് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ, സാവിത്രിബായി ഫൂലെയും മഹാത്മാ ഫൂലെയും വായിക്കാനും എഴുതാനും വേണ്ടി സാമൂഹികവും ആത്മീയവും സാംസ്കാരികവുമായ പോരാട്ടത്തിനിറങ്ങിയ കഥ ഒരുപക്ഷെ വായിച്ചിരിക്കാൻ ഇടയില്ലാത്ത ഒരു സാധാരണ കർഷക കുടുംബത്തിൽ നിന്നുള്ള ധീര യുവതിയുടെ വാക്കുകളാണിത്. ആഗോളജനതയോട് ആശയവിനിമയം ചെയ്യാൻ കഴിയുന്ന ഭാഷയുടെ ശക്തി എന്താണെന്ന് അവൾക്ക് നന്നായി അറിയാം.

അവളിലൊരു നേതാവുള്ളതുകൊണ്ടാണവൾ അറസ്റ്റ് ചെയ്യപ്പെട്ടത്. ദില്ലി പോലീസ് അവളെ അറസ്റ്റ് ചെയ്തിരുന്നില്ലെങ്കിൽ ഇന്ത്യയുടെ മാത്രമല്ല ലോകത്തിന്റെയും ക്ഷേമത്തിനു വേണ്ടി ശബ്ദമുയർത്തുന്ന ഈ ധീര യുവതിയെ ലോകം അറിയുമായിരുന്നുവോ? പാകിസ്ഥാന് താത്പര്യമില്ലാതിരുന്നിട്ട് പോലും മലാലയ്ക്ക് നൊബേൽ പ്രൈസ് കിട്ടി. ഇന്ത്യൻ ഭരണക്കൂടം എന്താണ് ചെയ്തിരിക്കുന്നതെന്ന് നോക്കൂ. അതിന്റെ പ്രവർത്തികൾ രാജ്യത്തെയാകെ ലജ്ജിപ്പിക്കുന്നു.

ദിശാ, ഞാൻ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. നിങ്ങളുടെ അമ്മയും മുതുമുത്തശ്ശന്മാരും നിങ്ങളെക്കുറിച്ച് അഭിമാനിക്കും, രാജ്യം അഭിമാനിക്കുന്നതുപോലെ.

***ടൂൾ കിറ്റ്:***

*ഒരു വിഷയമോ ഉദ്ദേശ്യമോ വിശദീകരിക്കാൻ നിർമിക്കുന്ന ഡിജിറ്റൽ ലഘുലേഖയോ രേഖയോ ആണ് ടൂൾ കിറ്റ്.* ■

